"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - തൃശ്ശൂർ തെക്കുംകര വില്ലേജിലെ 9 തേക്ക് മരങ്ങൾ മുറിച്ച് രേഖകളില്ലാതെ കടത്തിക്കൊണ്ട് പോയത് - പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.ജി.രാഗേഷിനെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.366/2021/വനം തീയതി,തിരുവനന്തപുരം, 19/11/2021

പരാമർശം:-

1. 02.12.2019 തീയതിയിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂർ ന്റെ ജി1-8358/2019 നമ്പർ കത്ത്.
2. 30.11.2019 തീയതിയിലെ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ) യുടെ ഫുൾ ചാർജ്) ന്റെ എ - 1633/2019 നമ്പർ കത്ത്.
3. 19.12.2019 തീയതിയിലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ ബി4-7019/19 നമ്പർ ഉത്തരവ്.
4. 27.07.2020-ലെ FWLD-A2/03/2020/FWLD നമ്പർ കുറ്റപത്രം.
5. 21.08.2020 തീയതിയായി ശ്രീ.കെ.ജി.രാഗേഷ്,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക.
6. 04.08.2021 തീയതിയിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-7019/2019 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ തെക്കുംകര വില്ലേജിൽ സർവ്വേ നമ്പർ 657/1 സ്ഥലത്ത് നിന്നിരുന്ന 9 തേക്ക് മരങ്ങൾ മുറിച്ച് 30 തേക്ക് കഷ്ണങ്ങളാക്കി മതിയായ രേഖകളില്ലാതെ KL-07-AL-380 നമ്പർ മിനിലോറിയിൽ കടത്തിക്കൊണ്ട് പോയത് 05.11.2019- ന് തൃശ്ശൂർ ഫ്ലൈയിംഗ് സ്ക്വാഡ് പിടികൂടുകയും കുറ്റകൃത്യം നടന്നത് ചാലക്കുടി ഡിവിഷനിൽ പരിയാരം റെയിഞ്ചിൽപ്പെട്ട കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ ആയതിനാൽ 06.11.2019-ന് ടി കേസ് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് കൈമാറുകയുണ്ടായി. എന്നാൽ മതിയായ മുന്നൊരുക്കങ്ങളോ, പരിശോധനകളോ

കൂടാതെയും മേലധികാരികളുടെ അനുമതിയില്ലാതെയും പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.ജി.രാഗേഷിന്റെ നിയമവിരുദ്ധമായ ഇടപെടൽ മൂലം ഇപ്രകാരം കസ്റ്റഡിയിൽ എടുത്ത വാഹനവും, തൊണ്ടി തടികളും നിയമാനുസൃതമായ നടപടികൾ പൂർത്തിയാക്കാതെ ഉടമസ്ഥർക്ക് വിട്ടു നൽകുന്നതിനുള്ള സാഹചര്യമുണ്ടായി.മേൽ നടപടി പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.ജി.രാഗേഷിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതര കൃത്യവിലോപമായതിനാൽ ടിയാനെ അടിയന്തിരമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് കർശന അച്ചടക്കനടപടി സ്വീകരിക്കാൻ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർ പരാമർശം (1) (2) പ്രകാരം ശുപാർശ ചെയുകയും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് പരാമർശം (3) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുമുണ്ടായി. ഇപ്രകാരം വ്യാജരേഖകളുടെ പിൻബലത്തിൽ അനധികൃതമായി തേക്ക് തടികൾക്ക് പാസ് നൽകുകയും,വാഹനവും തൊണ്ടിത്തടികളും നിയമാനുസൃത രേഖകളുടെ പിൻബലമില്ലാതെയും ഇല്ലാത്ത അധികാരം ഉപയോഗിച്ച് വിട്ടുകൊടുത്തതിലൂടെ സർക്കാരിനെ വഞ്ചിക്കുകയും ചെയ്ത പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.ജി.രാഗേഷിന്റെ നടപടി ഗുരുതര കൃത്യവിലോപമാണെന്നതിനാൽ ശ്രീ.കെ.ജി.രാഗേഷ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും പരാമർശം (4) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി .

കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങളൊന്നും അംഗീകരിക്കാൻ കഴിയില്ലെന്നും അച്ചടക്കനടപടി തുടരാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുറ്റാരോപിതനായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.ജി.രാഗേഷ് കുറ്റങ്ങൾ നിഷേധിച്ച സാഹചര്യത്തിൽ ടി വിഷയത്തിൽ കൂടുതൽ തെളിവു ശേഖരിക്കുന്നതിനും ടിയാന് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം നൽകുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിനും തൃശ്ശൂർ ഫോറസ്റ്റ് റിസോഴ്സ് സർവ്വേ സെൽ ഡെപ്യൂട്ടി ഫോറസ്ററ് കൺസർവേറ്റർ (നോൺ കേഡർ) , ശ്രീ.ജോസഫ് തോമസിനെ അന്വേഷണാധികാരിയായും, സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീമതി സുമുസ്കറിയയെ പ്രസെന്റിങ് ഓഫീസറായും നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണ റിപ്പോർട്ട് 2 മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പ്രേമൻ
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജോസഫ് തോമസ്, തൃശ്ശൂർ ഫോറസ്റ്റ് റിസോഴ്സ് സർവ്വേ സെൽ

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ)

ശ്രീമതി സുമുസ്കറിയ, സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഫോറസ്റ്റ് ഓഫീസർ.

ശ്രീ.കെ.ജി.രാഗേഷ്,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ